**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1225** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>വിള ഇൻഷുറൻസ് തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പാറക്കൽ അബ്ദുല്ല ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** കാലാവസ്ഥ വ്യതിയാനം മൂലമുള്ള കൃഷിനാശത്തിന് നൽകുന്ന വിള ഇൻഷ്വറൻസ് തുക രണ്ടുവർഷമായി വിതരണം ചെയ്യാത്ത സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പരിശോധിച്ചിട്ടുണ്ട്. പുനരാവിഷ്കൃത സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും 04.05.2025 വരെ ലഭ്യമായ ക്ലെയിമുകൾക്കുള്ള നഷ്ടപരിഹാര തുക വിതരണം ചെയ്തിട്ടുണ്ട്.

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കി വരുന്ന പുനരാവിഷ്കൃത കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി (RWBCIS) പ്രകാരം 2024 മുതൽക്കുള്ള ക്ലെയിമുകൾക്കുള്ള നഷ്ടപരിഹാര തുക കർഷകർക്ക് വിതരണം ചെയ്യേണ്ടതായിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പുകാരായ അഗ്രികൾച്ചർ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇന്ത്യ (AIC) വിഹിതത്തിന്റെ കുടിശ്ശികയായിരിക്കുന്നതിനാലാണ് നഷ്ടപരിഹാര വിതരണത്തിൽ കാലതാമസം ഉണ്ടായിട്ടുള്ളത്.

പുനരാവിഷ്കൃത കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി (RWBCIS) പ്രകാരം ആദ്യ ഗഡുവായി അനുവദിച്ച തുക ഉപയോഗിച്ച് കർഷകർക്ക് ആനുപാതികമായ നഷ്ടപരിഹാര തുക എത്രയും വേഗം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ അഗ്രികൾച്ചർ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇന്ത്യ ലിമിറ്റഡിന് നിർദേശം നൽകിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതിയായ പുനരാവിഷ്കൃത കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി (RWBCIS) - ഖാരിഫ് 2024, റാബി 2024 രണ്ടാം ഗഡു ഇനത്തിൽ നൽകുവാൻ ബാക്കിയുള്ള സംസ്ഥാന വിഹിതം വിതരണം ചെയ്യുന്നതിനായി കാർഷിക അഭിവൃദ്ധി ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നത് സംബന്ധിച്ച പ്രൊപോസൽ നിലവിൽ റവന്യൂ വകുപ്പിന്റെ പരിശോധനയിലുള്ളതാണ്.

**(ബി)** ഇത് അടിയന്തരമായി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

**<u>മറുപടി:</u>** സ്വീകരിച്ചിട്ടുണ്ട്. പുനരാവിഷ്കൃത കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി (RWBCIS) - ഖാരിഫ് 2024, റാബി 2024, ഖരീഫ് 2025 പ്രകാരം സംസ്ഥാന സർക്കാർ നൽകേണ്ട പ്രീമിയം വിഹിത കുടിശ്ശിക തുക അനുവദിക്കുന്നതിലേക്കായി കൃഷി ഡയറക്ടർ ലഭ്യമാക്കിയ പ്രൊപോസൽ സർക്കാർ പരിശോധിച്ച് വരുന്നു.

അടിയന്തര ധനസഹായ പദ്ധതിയിലെയും, സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിലെയും കുടിശ്ശികകൾ കാർഷിക അഭിവൃദ്ധി ഫണ്ടിൽ നിന്നും ലഭ്യമാമാക്കുന്നതിനായി 15.03.2026

തീയതിയിലെ സ.ഉ.(കൈ) നം. 160/2026/RD പ്രകാരം ഉത്തരവായിട്ടുള്ളതാണ്. കേന്ദ്രാവിഷ്കൃത വിള ഇൻഷുറൻസ് പദ്ധതിയായ RWBCIS (Restructured Weather Based Crop Insurance Scheme) - ഖാരിഫ് 2024, റാബി 2024 രണ്ടാം ഗഡു ഇനത്തിൽ നൽകുവാൻ ബാക്കിയുള്ള സംസ്ഥാന വിഹിതം വിതരണം ചെയ്യുന്നതിനായി കാർഷിക അഭിവൃദ്ധി ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നത് സംബന്ധിച്ച പ്രൊപോസൽ റവന്യൂ വകുപ്പിന്റെ പരിശോധനയിലുള്ളതാണ്.

**സെക്ഷൻ ഓഫീസർ**